# ഇന്റർസെഷൻ ഫോർ ഇന്ത്യ
INTERCESSION FOR INDIA
## വാർത്താ പത്രിക



പ്ലോട്ട് No. G-17, ഗ്രീൻപാർക്ക് അവന്യു, ദയഹോസ്പിറ്റലിനു മുൻവശം,
തിരുവമ്പാടി പി.ഒ, തൃശൂർ - 22

wwww.intercessionforindia.org Email : intercessionforindia@gmail.com, ഫോൺ : 0487 2325574, Mob : 8714817184


## പരിശുദ്ധ അമ്മ വിശ്വാസത്തിന്റെ മാതൃക

**മാർ ആൻഡ്രൂസ് താഴത്ത്**



വിശ്വാസത്തിന്റെ ഏറ്റവും വലിയ മാതൃക പരിശുദ്ധ അമ്മയാണ്. "കർത്താവ് അരുളി ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക 1:45). ഈ കാലഘട്ടത്തിൽ പരിശുദ്ധ മറിയത്തിന്റെ വിശ്വാസം പോലെ തന്റെ ജീവിതത്തിൽ സഹനങ്ങൾ നിരന്തരമായി വേട്ടയാടിയപ്പോഴും യേശുവിന്റെ മരണശേഷം ശിഷ്യന്മാർ ഭയപ്പെട്ടപ്പോഴും പരിശുദ്ധ അമ്മ ഭയപ്പെടാതെ അവരെ ഒരുമിച്ചുകൂട്ടി പ്രാർത്ഥിച്ചു. പരിശുദ്ധ അമ്മയോടൊപ്പം ചേരുന്ന നാമെല്ലാവരും വചനത്തിൽ വിശ്വസിച്ച് പരിശുദ്ധ അമ്മയുടെ പാതകൾ പിന്തുടരാൻ ശ്രമിക്കണം. വിശ്വാസജീവിതത്തിന്റെ ലക്ഷണങ്ങൾ സഭാകൂട്ടായ്മയിൽ ചേർന്നുനിൽക്കുകയും യേശു

*(ശേഷം പേജ് 3-ൽ)*



ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ വടക്കാഞ്ചേരി യൂണിറ്റിന്റെ പ്രാർത്ഥനാ മുറി മരിയൻ ടവറിൽ സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷൻ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.

## സന്ദേശം



രക്ഷാകര ചരിത്രത്തിലുള്ള മറിയത്തിന്റെ അനന്യമായ സ്ഥാനത്തെപ്പറ്റി സഭയ്ക്ക് ഉറച്ച ബോധ്യമുണ്ട്. മാതാവിന്റെ പരിപൂർണ്ണതയും മാതൃത്വവും മാദ്ധ്യസ്ഥശക്തിയും വിവരണാധീതമാണ്. വിശ്വാസ തീർത്ഥാനടത്തിൽ മറിയം എന്നും ഒരു വഴി കാട്ടിയാണ്. സഭയുടെ അരൂപിയിൽ ദൈവജനത്തിന്റെ ആത്മീയ വളർച്ചക്കുതകുന്ന ഏതൊരു പ്രാർത്ഥനയും പ്രവർത്തനവും അഭിഷേകം നിറഞ്ഞതാകും. അതു പിതാവിനു ഏറ്റവും സ്വീകാര്യമായ പ്രാർത്ഥനയും ആയിരിക്കും.

ഇൻഡ്യയ്ക്കുവേണ്ടി ദിവസവും ഒരു ജപമാല ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുന്ന ഇന്റർസെഷൻ ഫോർ ഇൻഡ്യയുടെ (IFI) എല്ലാ നല്ല പരിശ്രമങ്ങൾക്കും എല്ലാവിധ അനുഗ്രഹങ്ങളും നേരുന്നു.

**മാർ. ജോർജ്ജ് വലിയമറ്റം,**
**ആർച്ച് ബിഷപ്പ് തലശ്ശേരി അതിരൂപത**

## ജപമാല : യേശുവിന്റെ തിരുമുഖ ധ്യാനം

**ബിഷപ് ജോസഫ് കാരിക്കശ്ശേരി, കോട്ടപ്പുറം രൂപത മെത്രാൻ**



"അപ്പസ്തോലൻമാർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരൊടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു. (അപ്പ. 1:14). ജോൺപോൾ രണ്ടാമൻ പാപ്പ തന്റെ അപ്പസ്തോലിക ലേഖനമായ കന്യകാമറിയത്തിന്റെ ജപമാലയിൽ ഇപ്രകാരം പറയുന്നു. ജപമാല ചൊല്ലുകയെന്നാൽ മറിയത്തോടൊപ്പം യേശുവിന്റെ തിരുമുഖത്തെക്കുറിച്ചു ധ്യാനിക്കുക എന്നല്ലാതെ മറ്റൊന്നുമല്ല. ജപമാലവഴി പരിശുദ്ധാത്മാവിന്റെ ആലയമായ മറിയത്തോടൊപ്പം നാം പ്രാർത്ഥിക്കുമ്പോൾ അവൾ, തന്നെ ദൈവകൃപകൊണ്ട് നിറച്ച പിതാവിന്റെയും തന്റെ ഉദരത്തിൽ ജന്മമെടുത്ത പുത്രന്റെയും മുമ്പിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നു. വചനം കോർത്തിണക്കിയ മനോഹരമായ ജപമാല ചൊല്ലുമ്പോൾ വിശുദ്ധഗ്രന്ഥം തന്നെ നമ്മൾ പാരാ

*(ശേഷം പേജ് 3-ൽ)*

## സന്ദേശം



മാതാവിനോടുള്ള ഭക്തി കുടുംബങ്ങളെയും സഭാസമൂഹങ്ങളെയും യേശുവിന്റെ രക്ഷാകര അനുഭവത്തിലേക്ക് വളരുവാൻ സഹായിക്കുന്നു. ഈ വളർച്ച നേടുവാൻ മാതാവ് നൽകിയതാണ് ജപമാല രഹസ്യങ്ങൾ. ഈ രഹസ്യങ്ങൾ രക്ഷാകര ധ്യാനങ്ങളാണ്. ഈ ധ്യാനങ്ങൾ നമ്മെ വിശുദ്ധിയിലേക്ക് നയിക്കുന്നു. ക്രിസ്തുവിന്റെ ത്യാഗപൂർണ്ണമായ ജീവിതത്തിലേക്ക്, ശുശ്രൂഷാ മനോഭാവത്തിലേക്ക് നയിക്കാൻ നമ്മെ സഹായിക്കുന്നു.

ഭാരതത്തെ സംബന്ധിച്ച് പറയുമ്പോൾ രക്ഷയുടെ സന്ദേശം ഇതുവരെയും ലഭ്യമാകാത്ത അനേകകോടി ജനങ്ങൾ വസിക്കുന്ന ഒരു രാജ്യമാണ്. ഈ രാജ്യത്ത് സുവിശേഷത്തിന്റെ നന്മ പങ്കുവെക്കുക എന്നുള്ളത് യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ചുമതലയാണ്. അതുകൊണ്ടുതന്നെ ഭാരതത്തിന്റെ മാനസാന്തരത്തിനും സുവിശേഷീകരണത്തിനും മാതാവിന്റെ മദ്ധ്യസ്ഥം നമുക്ക് യാചിക്കാം. ഈ കൂട്ടായ്മയെയും ഇതിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

**ജോസഫ് മാർ തോമസ്, ബത്തേരി രൂപത അദ്ധ്യക്ഷൻ**

## ഇന്ത്യയ്ക്കുവേണ്ടി ദിവസവും ഒരു ജപമാല ചൊല്ലും : മാർ തട്ടിൽ



ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ പ്രർത്ഥനകളോടു സഹകരിച്ച് ദിവസവും ഇന്ത്യയ്ക്കുവേണ്ടി ഞാനും ഒരു ജപമാലചൊല്ലുമെന്ന് ഐ. എഫ്. ഐ.യുടെ ഉദ്ഘാടന ചടങ്ങിൽ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ പ്രഖ്യാപിച്ചു. എല്ലാവരോടും ഒരോ ജപമാല ചൊല്ലി ഐ.എഫ്.ഐ.യുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ പിതാവ് ആഹ്വാനം ചെയ്തു.

### ഇന്റർസെഷൻ ഫോർ ഇന്ത്യയ്ക്ക് കർത്താവിന്റെ കയ്യൊപ്പുണ്ട്

മാതൃരാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈ മുന്നേറ്റത്തിന് കർത്താവിന്റെ കയ്യൊപ്പുണ്ടെന്ന് മാർ റാഫേൽ തട്ടിൽ പറഞ്ഞു. ഐ.എഫ്. ഐ. അതിരൂപതാ സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പിതാവ്.

## ജപമാല ആയുധമാണ്

**ഫാ. ഷാജൻ തേർമഠം**



പരമ്പരാഗതമായ മരിയഭക്തിയും വിശുദ്ധരോടുള്ള മധ്യസ്ഥാപേക്ഷയും ക്രൈസ്തവ ആധ്യാത്മികതയുടെ ഭാഗമാണ്. കുടുംബത്തിനും തനിച്ചും രക്ഷാകര സംഭവങ്ങളെ ധ്യാനിച്ചുകൊണ്ട് ജപമാല ചൊല്ലുന്ന പതിവ് കേരളത്തിലെ കത്തോലിക്കരുടെ മരിയഭക്തിയുടെ വലിയ തെളിവാണ്.

*(ശേഷം 3-ാം പേജിൽ)*

## വിജയം നൽകുന്ന ജപമാല

**റാണി ജോൺ കഞ്ചിക്കോട്**



ഇസ്രായേൽ ജനങ്ങളെ വിറപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്ത ഫിലിസ്ത്യ മല്ലനായ ഗോലിയാത്തിനെ അഞ്ച് കല്ലുകൾക്കൊണ്ട് ദാവീദ് എന്ന കൊച്ചുബാലൻ കീഴ്പ്പെടുത്തിയെങ്കിൽ ഇന്നു നമുക്ക് ദാവീദ് തൊടുത്തുവിട്ട മിനുസമുള്ള കല്ലിനു പകരം

*(ശേഷം 3-ാം പേജിൽ)*

## ആത്മീയ പിതാക്കന്മാരുടെ വാക്കുകളിലൂടെ...



പിതാവായ ദൈവത്തിന്റെ മകളും പുത്രനായ ദൈവത്തിന്റെ അമ്മയും പരിശുദ്ധാത്മാവായ ദൈവത്തിന്റെ മണവാട്ടിയുമായ പരിശുദ്ധ അമ്മയുടെ തൃപ്പാദത്തിങ്കൽ നമ്മുടെ മാതൃരാജ്യത്തെ സമർപ്പിച്ച് പ്രാർത്ഥിക്കുകയെന്നത് ഭാരതീയരായ നമ്മളിൽ നിക്ഷിപ്തമായ പ്രത്യേക കടമയും അവകാശവുമാണ്. മാത്രമല്ല നമ്മുടെ സഹോദരങ്ങളായ എല്ലാ ഇന്ത്യക്കാരുടേയും

*(ശേഷം 3-ാം പേജിൽ)*



നവസുവിശേഷവത്ക്കരണം ഇന്ന് ഏറെ പ്രസക്തിയുള്ള ഒരു ചിന്തയാണ്. നവീകരണ മുന്നേറ്റത്തിന്റെ ശുശ്രൂഷകളോട് സഹകരിച്ച്, ഇന്ത്യക്കുവേണ്ടി ഒരു ജപമാല എന്ന പുതിയ സംരംഭം ഊർജ്ജസ്വലതയോടെ മുന്നേറിക്കൊണ്ടിരിക്കുകയാണല്ലോ. പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ മറിയത്തെ കുറിച്ച് പറ

*(ശേഷം 3-ാം പേജിൽ)*

## ഇന്റർസെഷൻ ഫോർ ഇന്ത്യ-പ്രവർത്തനം ചുരുക്കത്തിൽ

ഇന്ത്യക്കുവേണ്ടി ജപമാലചൊല്ലി പ്രാർത്ഥിക്കുന്ന ഒരു കൂട്ടായ്മയാണ് ഇന്റർസെഷൻ ഫോർ ഇന്ത്യ. ഇതിന്റെ തുടക്കമെന്നോണം തൃശ്ശൂർ വടക്കേ ബസ് സ്റ്റാന്റിനുസമീപം ഒരു കെട്ടിടത്തിൽ പ്രാർത്ഥനാമുറിയും ഓഫീസും 2011 ഓഗസ്റ്റ് മുതൽ പ്രവർത്തനമാരംഭിച്ചു. 2012 ഒക്ടോബർ 15 മുതൽ ദയ ഹോസ്പിറ്റലിനു മുൻവശം ഗ്രീൻപാർക്ക് അവന്യുവിലാണ് ഇപ്പോൾ ഓഫീസ് പ്രവർത്തിക്കുന്നത്.

ഓരോ ദിവസവും ഇവിടെ ഇന്ത്യയ്ക്കുവേണ്ടി 31 ജപമാല ചൊല്ലി പരിശുദ്ധ അമ്മ

*(ശേഷം 3-ാം പേജിൽ)*

## ജപമാലകൾ ഇപ്പോൾ പതിനായിരത്തിലധികം

ഇന്റർസെഷൻ ഫോർ ഇന്ത്യയിലൂടെ പരിശുദ്ധ അമ്മയുടെ ആഹ്വാനം ഉൾക്കൊണ്ട് ദിവസവും ചൊല്ലുന്ന ജപമാലകളുടെ എണ്ണം രണ്ടാം വർഷത്തിൽ പതിനായിരം കവിഞ്ഞു. അഞ്ചു വർഷത്തിനുള്ളിൽ ഒരുലക്ഷം ജപമാലകൾ ദിവസവും ഇന്ത്യയ്ക്കുവേണ്ടി ഉയർത്തണമെന്ന പരിശുദ്ധ അമ്മയുടെ ആഗ്രഹം പൂർത്തീകരിക്കാൻ തൊണ്ണൂറായിരം ജപമാലകൾകൂടി വേണം. പ്രിയവിശ്വാസികളേ, പരി. അമ്മയുടെ മടിയിലിരുന്ന് ഈശോയുടെ തിരുമുഖം ധ്യാനിക്കുന്ന പരിശുദ്ധ ജപമാലയിലൂടെ ഇന്ത്യയുടെ വിശുദ്ധീകരണത്തിനായി നമുക്കൊരുമിക്കാം.